'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - അഹാഡ്സ് - സി. സി. പി. ആർ. എം. -ന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ആയിരുന്ന റിട്ട. ജോയിന്റ് ഡെവലപ് മെന്റ് കമ്മീഷണർ ശ്രീ. ടി. വി. ജോർജിന്റെ 06.01.2016 മുതൽ 10.08.2016 വരെയുള്ള സേവനകാലയളവിലെ ശമ്പള കുടിശ്ശിക അനുവദിച്ച് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ C.P.No.181/2018 in O.A.No.1476/2017ലെ 10/10/2019-ലെ ഇടക്കാല വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

**സ.ഉ.(സാധാ) നം.2366/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 24/10/2019

---

പരാമർശം:- 1 29/12/2015-ലെ സ.ഉ.(സാധാ.)നം. 3870/15/ത.സ്വ.ഭ.വ.

2 04/08/2016-ലെ സ.ഉ.(സാധാ.)നം.2346/16/ത.സ്വ.ഭ.വ.

3 23.10.2018-ലെ സ.ഉ.(സാധാ)നം.2716/2018/ത.സ്വ.ഭ.വ.

4 28.09.2019-ലെ ഗ്രാമവികസന കമ്മീഷണറുടെ നം. 7028//ടി & എ1/2019/സി ആർ ഡി നമ്പർ കത്ത്.

5. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ O.A.No.1476/2017-ലെ C.P.No.181/2018 - മേലുള്ള 10/10/2019-ലെ ഉത്തരവ്.

6. 16/10/2019-ലെ സ.ഉ.(സാധാ.)നം. 8150/2019/ധന.

<u>ഉത്തരവ്</u>

ഗ്രാമവികസന വകുപ്പിലെ ജോയിന്റ് കമ്മീഷണർ ആയി 30/09/2015-ൽ സർവ്വീസിൽ നിന്ന് വിരമിച്ച ശ്രീ.റ്റി.വി.ജോർജ്ജിനെ പരാമർശം (1) പ്രകാരം AHADS-CCPRM-ന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിച്ചിരുന്നു. പിന്നീട് പരാമർശം (2) പ്രകാരം ടിയാനെ തൽസ്ഥാനത്ത് നിന്ന് നീക്കം ചെയ്യുകയുണ്ടായി. 6/1/2016 മുതൽ 10/8/2016 വരെ ടിയാൻ AHADS-CCPRM-ന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി ജോലി നോക്കിയിരുന്നു. എന്നാൽ ടിയാന്റെ സേവന ,വേതന വ്യവസ്ഥകൾ നിശ്ചയിച്ചിരുന്നില്ല. പരാമർശം (3) പ്രകാരം ശ്രീ.റ്റി.വി.ജോർജ്ജിന്റെ AHADS- CCPRM-ലെ നിയമനം കരാർ വ്യവസ്ഥയിലുള്ളതായി കണക്കാക്കിയും ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ തസ്തികയിൽ ടിയാൻ അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും 01.01.2016-ൽ വാങ്ങിയ പെൻഷൻ കുറവു ചെയ്തു കിട്ടുന്ന സംഖ്യ ടിയാന്റെ കൺസോളിഡേറ്റഡ് വേതനമായി കണക്കാക്കിയും ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ സാലറി സ്ലിപ്പ്, പെൻഷൻ പേമെന്റ് ഓർഡർ എന്നിവ പരിശോധിച്ച് കൺസോളിഡേറ്റഡ് വേതനത്തിന്റെ 06.01.2016 മുതൽ 10.08.2016 വരെയുള്ള കുടിശ്ശിക 4,23,440/- രൂപയാണെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) ശ്രീ.റ്റി.വി.ജോർജ്ജ് AHADS-CCPRM-ൽ ജോലിനോക്കിയിരുന്ന പ്രസ്തുത കാലയളവിലെ ശമ്പള കുടിശ്ശിക, യാത്രാ ബത്ത, ഹോണറേറിയം എന്നിവ ലഭിക്കുന്നതിനായി ടിയാൻ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ O.A.No.1476/2017 ഫയൽ ചെയ്തിരുന്നു. ടി കേസിൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 31/07/2017-ലെ ഉത്തരവിൽ ടിയാന്റെ ശമ്പള കുടിശ്ശിക, യാത്രാ ബത്ത, ഹോണറേറിയം എന്നിവ നൽകാൻ ഉത്തരവായിരുന്നു. ടി ഉത്തരവ്

നടപ്പിലാക്കുന്നതിനായി ടിയാൻ C.P.No.181/2018 നമ്പർ ആയി കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്തു. തുടർന്ന് ഗ്രാമവികസന കമ്മീഷണർ 29/11/2018-ലെ ഉത്തരവ് പ്രകാരം ടിയാന്റെ ഹോണറേറിയവും യാത്രാബത്തയും അനുവദിച്ചു നൽകി. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 31/07/2017-ലെ ഉത്തരവ് പരാമർശം (3) പ്രകാരം പൂർണ്ണമായി നടപ്പിലാക്കിയെന്ന അനുമാനത്തിൽ ടി കോടതിയലക്ഷ്യ കേസ് 05/12/2018-ൽ ബഹു. ട്രിബ്യൂണൽ തീർപ്പാക്കി. എന്നാൽ നാളിതുവരെ ടിയാന് പരാമർശം (3) പ്രകാരമുള്ള വേതന കുടിശ്ശിക ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ടിയാൻ പ്രസ്തുത കോടതിയലക്ഷ്യ കേസ് (C.P.No.181/2018) റീ-ഓപ്പൺ ചെയ്യുന്നതിനായി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ M.A.No.1690/2019 ഫയൽ ചെയ്തു. ടി കേസ് പരിഗണിച്ച ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ കേസിന്റെ അടുത്ത പോസ്റ്റിംഗ് തീയതിക്ക് മുൻപ് ടിയാന്റെ വേതന കുടിശ്ശിക നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് പരാമർശം (5) പ്രകാരം ഉത്തരവായിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.റ്റി.വി.ജോർജ്ജ് AHADS- CCPRM-ന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി സേവനമനുഷ്ഠിച്ചിരുന്ന 6/1/2016 മുതൽ 10/8/2016 വരെയുള്ള കാലയളവിലേക്ക് പരാമർശം (3) പ്രകാരം അനുവദിക്കേണ്ട വേതന കുടിശ്ശിക പരാമർശം (6) പ്രകാരം 2515-102-40-AHADS - Centre for Comprehensive Participatory Resource Management (AHADS-CCPRM) (Non Plan-Voted) എന്ന ശീർഷകത്തിൽ AHADS-CCPRM-ന്റെ അധിക ബാധ്യത തീർക്കുന്നതിനു വേണ്ടി കിലയ്ക്ക് അനുവദിച്ചിട്ടുള്ള 9,62,000/- രൂപയിൽ നിന്നും അടിയന്തിരമായി അനുവദിക്കുന്നതിന് കില ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (5) ലെ ഉത്തരവ് **മേൽപ്രകാരം** നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആവരണ കത്ത് സഹിതം).
ശ്രീ. ടി വി ജോർജ്, റിട്ട. ജോയിന്റ് ഡെവലപ് മെന്റ് കമ്മീഷണർ, (തണപ്പറമ്പിൽ,മിടായിക്കുന്ന് പി. ഓ., തലയോലപ്പറമ്പ്, കോട്ടയം )
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം,
ഡയറക്ടർ, കില, തൃശ്ശൂർ.

അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ)/ (ഇ &ആർ.എസ്.എ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

ധനകാര്യ വകുപ്പ് (19.10.2019-ലെ ഡെവ.-1/59/2016-ധന നമ്പർ പ്രകാരം )

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.